പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **3861** 20/07/2015-ൽ മറുപടിയ്ക്ക്

## ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) 01-01-2014 മുതൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ **Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013** നിലവിൽ വന്നു. ടി ആക്ടിലെ ചട്ടങ്ങൾക്ക് രൂപം നൽകി വരികയാണ്. 1894-ലെ ഭൂമി പൊന്നുംവില നിയമപ്രകാരം 01-01-2014-ന് മുൻപ് വിജ്ഞാപനം പ്രസിദ്ധീകരിച്ച കേസുകളിൽ തുടർനടപടികൾ കാലഹരണപ്പെടാതിരിക്കുന്നതിന് പ്രഖ്യാപനം, ഭൂമി വില നിശ്ചയിക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും പുതിയ ആക്ട് പ്രകാരം നിശ്ചയിച്ച് തുടർ നടപടി സ്വീകരിക്കുവാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അതിൻപ്രകാരമുള്ള നടപടികൾ തുടർന്ന് വരുന്നു. പുതിയ ആക്ടിലെ ചട്ടങ്ങൾ നിലവിൽ വരാത്ത സാഹചര്യത്തിൽ നെഗോഷിയേറ്റഡ് പർച്ചേസ് മുഖാന്തിരവും ഭൂമി ഏറ്റെടുക്കാൻ അനുമതി നല്കുന്നുണ്ട്. |
| (ബി) | ഫാസ്റ്റ് ട്രാക്കിൽ ഭൂമി ഏറ്റെടുക്കുമ്പോൾ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ; | (ബി) ഫാസ്റ്റ് ട്രാക്ക് മുഖേന ഭൂമി ഏറ്റെടുക്കുമ്പോൾ ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂവുടമയുമായി വില സംബന്ധിച്ച് ധാരണയിലെത്തുകയും ടി വില ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഉന്നതാധികാരസമിതി (എസ്.എൽ.ഇ.സി.) അംഗീകരിച്ച് നഷ്ടപരിഹാരം നൽകുകയാണ് ചെയ്യുന്നത്. ജില്ലാ കളക്ടർ ഭൂവുടമയുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സർക്കാർ ഭൂമി സർക്കാരിന്റെ തന്നെ മറ്റ് സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ? | (സി) | സർക്കാർ പുറമ്പോക്ക് ഭൂമി പൊതു ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. സർക്കാർ സേവന വകുപ്പുകൾക്ക് കമ്പോളവില ഈടാക്കാതെയും മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും കമ്പോള വില ഈടാക്കിയുമാണ് ഭൂമിയും കെട്ടിടങ്ങളും അനുവദിച്ച് നൽകുന്നത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I അദ്ധ്യായം XIII അനുഛേദം 326, റൂൾസ് ഫോർ ട്രാൻസ്ഫർ ഓഫ് ഗവൺമെന്റ് ലാന്റ്സ് ആന്റ് ബിൽഡിംഗ്സ് 1968-ൽ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരമാണ് ഇപ്രകാരം ഭൂമി വിട്ടുകൊടുക്കുന്നത്. |

സെക്ഷൻ ഓഫീസർ.